DESPATCHED
On 23/12/20

# സംസ്ഥാന വിവരാവകാശ കമ്മീഷൻ, കേരളം

**തിരുവനന്തപുരം 695 001.**

**ഹർജി നമ്പർ സി.പി. 1214(3)/2019/എസ്.ഐ.സി.**

**തീർപ്പു കൽപ്പിച്ച തീയതി : 03.11.2020**

**സന്നിഹിതൻ**

**ശ്രീ. എസ്. സോമനാഥൻ പിള്ള, വിവരാവകാശ കമ്മീഷണർ**

| | |
|---|---|
| **ശ്രീ. ആർ. ഗോപാലകൃഷ്ണ കമ്മത്ത്,<br>കണ്ണേഴത്ത്,<br>വളമംഗലം നോർത്ത്,<br>തുറവൂർ പി. ഒ.,<br>ചേർത്തല – 688 532.** | **പരാതി ഹർജിക്കാരൻ** |

**Vs**

| | |
|---|---|
| **സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ &<br>സബ് രജിസ്ട്രാർ,<br>സബ് രജിസ്ട്രാർ ഓഫീസ്,<br>കുത്തിയതോട്, തുറവൂർ പി. ഒ.,<br>ആലപ്പുഴ – 688 532.** | **എതിർകക്ഷി** |

## ഉത്തരവ്

| | |
|---|---|
| 6(1) അപേക്ഷ സമർപ്പിച്ച തീയതി | 02.08.2019 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭിച്ച തീയതി | 26.08.2019 |
| കമ്മീഷൻ മുമ്പാകെ പരാതി ഹർജി സമർപ്പിച്ച തീയതി | 06.09.2019 |
| ഹർജിക്കാരന്റെ പരാതി ഹർജി കൈപ്പറ്റിയ തീയതി | 16.09.2019 |

03.11.2020 – ന് കമ്മീഷന്റെ പരിഗണനയ്ക്ക് വന്ന ഈ പരാതി ഹർജിയിൽ ഹർജിക്കാരൻ ടെലിഫോൺ മുഖേന കമ്മീഷനിൽ നൽകിയ മൊഴിയും സമർപ്പിക്കപ്പെട്ട രേഖകളും വിശദമായി പരിശോധിച്ച് ഈ പരാതി ഹർജി താഴെ പറയും പ്രകാരം തീർപ്പാക്കുന്നു.

2) കുത്തിയതോട് വില്ലേജിലെ സർവ്വെ നമ്പർ 129/7 ബി എന്ന ഭൂമി സംബന്ധിച്ച വിവരങ്ങൾ അറിയുന്നതിനായി കുത്തിയതോട് സബ് രജിസ്ട്രാർ ഓഫീസിലെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർക്ക് (എസ്.പി.ഐ.ഒ.) സമർപ്പിച്ച വിവരാവകാശ

അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങൾ നൽകുന്നതിനു പകരം ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ അറിയുന്നതിന് നിശ്ചിത ഫീസ് ഓൺലൈനിൽ ഒടുക്കി അപേക്ഷ സമർപ്പിക്കേണ്ടതാണ് എന്ന മറുപടി ലഭിച്ചതിനെ തുടർന്നാണ് ഹർജിക്കാരനായ ശ്രീ. ആർ. ഗോപാലകൃഷ്ണ കമ്മത്ത് ഈ പരാതി ഹർജി കമ്മീഷനിൽ സമർപ്പിച്ചിട്ടുള്ളത്.

3) ഈ പരാതി ഹർജി സംബന്ധിച്ച് എസ്.പി.ഐ.ഒ. കമ്മീഷനിൽ സമർപ്പിച്ച റിപ്പോർട്ടിൽ വിശദീകരിച്ചിരിക്കുന്നത് ഹർജിക്കാരന്റെ വിവരാവകാശ അപേക്ഷയിൽ നാല് ചോദ്യങ്ങളിലൂടെ ആവശ്യപ്പെട്ട വിവരങ്ങളിൽ 3 വിവരങ്ങളും ടി ഓഫീസിൽ ക്രോഡീകരിച്ച് സൂക്ഷിച്ചിരിക്കുന്ന വിവരങ്ങളല്ലാത്തതിനാലും ഒന്നാം പുസ്തകവും മൂന്നാം പുസ്തകവും തെരഞ്ഞു നോക്കി മറുപടി നൽകേണ്ടവയാണ് എന്നതിനാലുമാണ് രജിസ്ട്രേഷൻ നിയമം അനുശാസിക്കുന്ന പ്രകാരമുള്ള ഫീസ് അടച്ച് വിവരം ലഭ്യമാക്കേണ്ടതാണ് എന്ന് അറിയിച്ചതെന്നും നാലാമത്തെ ചോദ്യത്തിനുള്ള വിവരം ലഭ്യമാക്കിയിട്ടുണ്ടെന്നുമാണ്.

4) എസ്.പി.ഐ.ഒ. യുടെ റിപ്പോർട്ടിൽ നിന്നും ബോധ്യമാകുന്നത് ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ കുത്തിയതോട് സബ് രജിസ്ട്രാർ ഓഫീസിൽ ലഭ്യമായിട്ടുള്ള വിവരങ്ങളാണെന്നും അവ ക്രോഡീകരിച്ച് വച്ചിട്ടില്ലെങ്കിലും രജിസ്ട്രേഷൻ നിയമപ്രകാരമുള്ള ഫീസ് അടച്ച് അപേക്ഷ സമർപ്പിക്കുകയാണെങ്കിൽ പ്രസ്തുത വിവരം ക്രോഡീകരിച്ച് ലഭ്യമാക്കുന്നതിന് എസ്.പി.ഐ.ഒ. യ്ക്ക് ബുദ്ധിമുട്ടില്ല എന്നുമാണ്. ഈ സമീപനം വിവരാവകാശ നിയമത്തോടുള്ള തികച്ചും നിരുത്തരവാദപരമായ രീതിയിലുള്ളതാണ്. ഒരു ഓഫീസിന്റെ പ്രവർത്തനത്തെ സാരമായ രീതിയിൽ പ്രതികൂലമായി ബാധിക്കുന്ന വിധം ആൾശേഷിയും സമയവും ഉപയോഗിച്ച് ശേഖരിക്കേണ്ട വിവരങ്ങളാണ് വിവരാവകാശ അപേക്ഷകർ ആവശ്യപ്പെടുന്നതെങ്കിൽ അത്തരം വിവരങ്ങൾ ലഭ്യമാക്കുന്നതിന് മറ്റു മാർഗ്ഗങ്ങൾ സ്വീകരിക്കുവാൻ വിവരാവകാശ നിയമത്തിലെ 7(9) വകുപ്പ് വ്യവസ്ഥ ചെയ്യുന്നുണ്ട്. എന്നാൽ രജിസ്ട്രേഷൻ നിയമ പ്രകാരം അപേക്ഷിച്ചാൽ ക്രോഡീകരിച്ചിട്ടില്ലാത്ത വിവരമാണെങ്കിൽ പോലും അവ ശേഖരിച്ച് നൽകുവാൻ പ്രയാസമില്ലാത്ത എസ്.പി.ഐ.ഒ. യ്ക്ക് പ്രസ്തുത വിവരങ്ങൾ വിവരാവകാശ നിയമ


RIGHT TO INFORMATI

പ്രകാരം തന്നെ നൽകുന്നതിൽ നിന്നും ഒഴിഞ്ഞു മാറുന്നതിന് യാതൊരു ന്യായീകരണവും അനുവദിക്കുവാൻ കഴിയുകയില്ല. എസ്.പി.ഐ.ഒ. യുടെ ഇത്തരം സമീപനത്തിൽ നിന്നും വിവരാവകാശ അപേക്ഷകന് വിവരം ബോധപൂർവ്വം നിഷേധിച്ചു എന്ന നിഗമനത്തിൽ കമ്മീഷന് എത്തിച്ചേരാവുന്നതാണ്. എന്നാൽ അത്തരം വിവരങ്ങൾ കൈമാറുന്നതിന് രജിസ്ട്രേഷൻ നിയമ പ്രകാരം ഫീസ് ഈടാക്കേണ്ടതാണ് എന്ന ചട്ടമുള്ളതിനാലാണ് എസ്.പി.ഐ.ഒ. ഫീസ് ഈടാക്കിയത് എന്നത് പരിഗണിച്ച് ശിക്ഷാ നടപടിയിൽ നിന്നും ഒഴിവാക്കുന്നു. രജിസ്ട്രേഷൻ നിയമ പ്രകാരം രേഖകൾ ആവശ്യപ്പെടുമ്പോൾ രജിസ്ട്രേഷൻ ചട്ടം അനുശാസിക്കുന്ന തരത്തിലുള്ള ഫീസ് ഈടാക്കാവുന്നതാണ്. എന്നാൽ വിവരാവകാശ നിയമ പ്രകാരമാണ് വിവരങ്ങളും രേഖകളും ആവശ്യപ്പെടുന്നതെങ്കിൽ അപ്രകാരം വിവരങ്ങൾ നൽകുന്നതിന് വിവരാവകാശ നിയമ പ്രകാരമുള്ള ഫീസ് മാത്രമെ ഈടാക്കുവാൻ കഴിയുകയുള്ളൂ. അതിനാൽ ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ വിവരാവകാശ നിയമ പ്രകാരമുള്ള ഫീസ് ഈടാക്കിക്കൊണ്ട് ഈ ഉത്തരവ് ലഭിച്ച് 15 ദിവസത്തിനകം ടിയാന് സൗജന്യമായി ലഭ്യമാക്കേണ്ടതാണ്. ഇപ്രകാരം ഈ പരാതി ഹർജി ഇന്നേ ദിവസം, 2020 നവംബർ മാസം 3 – ാം തീയതി തീർപ്പാക്കുന്നു.

(ഒപ്പ്)
**എസ്. സോമനാഥൻ പിള്ള**
**വിവരാവകാശ കമ്മീഷണർ**

STATE INFORMATION COMMISSION ★ KERALA, THIRUVANANTHAPURAM ★

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**ജോയിന്റ് സെക്രട്ടറി**

srv